ചെലവുകൾ ബഡ്ജറ്റ് പ്രൊവിഷനുള്ളിൽ തന്നെ നിർത്തേണ്ടതാണ്, അംഗീകരിക്കപ്പെട്ടതും മുൻകൂട്ടി ഏറ്റെടുത്തിട്ടുള്ളതുമല്ലാത്ത വിദേശയാത്രകൾ അനുവദിക്കുന്നതല്ല, വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്ക്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 5-8-2013-ലെ 382/2013/ ധന, 11-10-2013-ലെ 515/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. 11-10-2013-ലെ സ.ഉ. (പി.) നമ്പർ 515/13/ധന, 28-11-2013-ലെ സ.ഉ. (പി) നമ്പർ 580/13/ധന എന്നീ നമ്പർ ഉത്തരവുകൾ വഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

മിഷൻ 676-ന്റെ ഭാഗമായി വിവിധ വകുപ്പുകൾ പ്രഖ്യാപിച്ച പദ്ധതികൾ

108 (7944) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ന്റെ ഭാഗമായി ഏതെല്ലാം വകുപ്പുകൾ പദ്ധതികൾ പ്രഖ്യാപിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ വകുപ്പും ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ നടപ്പാക്കാൻ 2014-15-ലെ ബഡ്ജറ്റിൽ നീക്കി വെച്ചിട്ടുള്ള തുകയുടെ വിശദാംശം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) മിഷൻ 676-ന്റെ ഭാഗമായി പദ്ധതികൾ പ്രഖ്യാപിച്ച വകുപ്പുകൾ ചുവടെ പറയുന്നു:

തദ്ദേശസ്വയംഭരണ വകുപ്പ്, ജലവിഭവ വകുപ്പ്, ഭവന നിർമ്മാണ വകുപ്പ്, ഊർജ്ജ വകുപ്പ്, റവന്യൂ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, ഡ്രഗ്സ് കൺട്രോൾ വകുപ്പ്, മത്സ്യബന്ധന വകുപ്പ്, വിവരസാങ്കേതിക വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, വ്യവസായ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, നോർക്ക വകുപ്പ്, പൊതു വിതരണ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ആഭ്യന്തര വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, കയർ വികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മിഷൻ 676 പദ്ധതി നടപ്പിലാക്കുന്നതിനായി വകുപ്പുകൾക്ക് പ്രത്യേകം തുക അനുവദിച്ചിട്ടില്ല. എന്നാൽ നിലവിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളും മിഷൻ 676-ന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതാണ്. പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നപക്ഷം നിലവിലുള്ള പദ്ധതികളുടെ മുൻഗണനാക്രമം പുനർനിർണ്ണയിച്ച് ധനപുനഃക്രമീ കരണത്തിലൂടെ ആവശ്യമായ വിഹിതം കണ്ടെത്തുന്നതാണ്.

തിരുവനന്തപുരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് തുക വകയിരുത്താൻ നടപടി

109 (7945) ശ്രീ. എം. എ. ബേബി :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലസ്ഥാനം എന്ന നിലയിൽ തിരുവനന്തപുരത്തെ അടിസ്ഥാന സൗകര്യവികസനത്തിന് തുക ബഡ്ജറ്റിൽ വകയിരുത്താത്തതിനെ കുറിച്ചുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനങ്ങളുടെ ഏറ്റവും അടിസ്ഥാന ആവശ്യമായ കുടിവെള്ളം അടിക്കടി പൈപ്പുപൊട്ടുന്നതുമൂലം തടയപ്പെടുന്നത് പരിഹരിക്കാൻവേണ്ട പദ്ധതി നടപ്പാക്കുന്നതിന് പര്യാപ്തമായ തുക ബഡ്ജറ്റിലൂടെ ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മാലിന്യസംസ്കരണം നടത്താനുള്ള സംവിധാനത്തിലെ അപര്യാപ്തത പരിഹരിക്കുന്നതിനും ഫണ്ട് ബഡ്ജറ്റിൽ ലഭ്യമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ബഡ്ജറ്റിൽ ഫണ്ട് അനുവദിക്കാത്തത് തടസ്സമാകുന്നതായ പരാതി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൻകിട മൂലധന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് 2014-15 സാമ്പത്തിക വർഷം '5475-00-800-92' എന്ന ശീർഷകത്തിൽ 1225 കോടി രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്. തലസ്ഥാന നഗര

LIBRARY ARCHIVES Kerala Legislative Assembly